(ബി) ബ്ലോക്കുകൾ വഴിയുള്ള വികസന പ്രവർത്തനങ്ങൾ നിശ്ചയിക്കുവാൻ ബി.ഡി.സി.കൾ നിലവിലില്ലാത്തതിനാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബി. ഡി.സി.കൾ പുനഃസംഘടിപ്പിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) 4-4-1983.

(ബി) വികസനപ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബ്ലോക്കു വികസന സമിതികളിൽ ഓരോ ബ്ലോക്കിലുമുള്ള പഞ്ചായത്തുപ്രസിഡൻറുമാരെക്കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ പഞ്ചായത്തുകളിൽ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറുമാരില്ലാത്തതിനാലാണ് പുനഃസംഘടിപ്പിക്കുവാൻ കഴിയാത്തത്.

തൊഴിലാളി ക്ഷേമനിധികൾ

*88 [90] ശ്രീ. സി.കെ. തങ്കപ്പൻ:

,, കെ.പി. അരവിന്ദാക്ഷൻ:

,, ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെയും തൊഴിലുടമകളുടെയും വിഹിതം വ്യവസ്ഥചെയ്തുകൊണ്ടുള്ള ഏതെല്ലാം തൊഴിലാളി ക്ഷേമനിധികൾ ഇപ്പോൾ പ്രവർത്തനനിരതമായിട്ടുണ്ടെന്നു വെളിപ്പെടുത്താമോ;

(ബി) ഈ ക്ഷേമനിധികളുടെ വരവു ചിലവു കണക്കുകൾ ഗവൺമെൻറിൻെറ ആഡിറ്റ് വകുപ്പിൻെറ പരിശോധനയ്ക്കു വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഈ തൊഴിലാളി ക്ഷേമനിധികൾ സ്റ്റാറ്റ്യൂട്ടറി സ്ഥാപനമായതുകൊണ്ട് അവയിൽ ഗവൺമെൻറ് വകുപ്പിൻെറ ആഡിറ്റ് നിർബന്ധമാക്കുമോ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) തൊഴിലാളികളുടെയും തൊഴിലുടമകളുടെയും വിഹിതം വ്യവസ്ഥചെയ്തുകൊണ്ട് കേരള കള്ളു ചെത്തുവ്യവസായ ക്ഷേമനിധി ബോർഡ്, കേരള തൊഴിലാളി ക്ഷേമനിധിബോർഡ്, കേരളാ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്, കേരളാ ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ നാലു ക്ഷേമനിധിബോർഡുകൾ ഇപ്പോൾ പ്രവർത്തന നിരതമായിട്ടുണ്ട്.

(ബി) കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന് ഗവൺമെൻറ് കോൺട്രിബ്യൂഷൻ കൊടുക്കുന്നതുകൊണ്ട് ഗവൺമെൻറിൻെറ പരിശോധനയ്ക്കു വിധേയമാക്കിയിട്ടുണ്ട്. മറ്റുള്ളവ വിധേയമാക്കിയിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly